നമ്പർ: 5(71) / 2017 / ACT തിയ്യതി: 25/01/2021

# ക്വട്ടേഷൻ നോട്ടീസ്

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി (NIELIT Calicut)** കാമ്പസിലെ (Campus I & II) പഴയ ഫർണ്ണിച്ചറുകൾ എടുക്കുന്നതിനുള്ള അവകാശത്തിനായി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. നിശ്ചിത ഫോറത്തിലുള്ള ക്വട്ടേഷനുകൾ 15/02/2021 ന് 5.30pm വരെ സ്വീകരിക്കുന്നതും, സ്വീകരിച്ച ക്വട്ടേഷനുകൾ 17-02-2021 ന് 2.00pm ന് അപ്പോൾ സന്നിഹിതരായവരുടെ മുന്നിൽ വച്ച് തുറക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി (EMD) **1000/-** (ആയിരം) രൂപ നീലിറ്റ് കാലിക്കറ്റിൻെറ **(NIELIT Calicut)** ഓഫീസ് അക്കൗണ്ടിലേക്ക് **(Account No 10401158037, SBI NITC branch, IFSC *SBIN0002207*)** ട്രാൻസ്ഫർ ചെയ്ത റെസിപ്റ്റോ **(Online Deposit Slip / Net Banking / CDM Deposit)** അല്ലെങ്കിൽ **ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (Director, NIELIT Calicut)** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (S.B.I) എൻ.ഐ.ടി, കാലിക്കറ്റ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം. ക്വട്ടേഷൻ സമ്പന്ധിച്ച കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ ഫോറത്തിനും പ്രവർത്തി ദിവസങ്ങളിൽ എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് ഓഫീസിൽ അന്വേഷിക്കുക.

നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും നിരതദ്രവ്യം ഇല്ലാത്തതുമായ ക്വട്ടേഷനുകൾ നിരാകരിക്കുന്നതാണ്.

എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിനു വേണ്ടി

**മെയിൻെറനൻസ് ഇൻ ചാർജ് (സിവിൽ)**

# ക്വട്ടേഷൻ ഫോറം

5(71) / 2017 / ACT / Scraps

| Sl No. ക്രമ നമ്പർ | Description വിവരണം | Qnty അളവ് | Rate per kg / per no വില (കിലോ നിരക്കിൽ /എണ്ണതിന്) |
|---|---|---|---|
| 01 | ഫൈബർ കസേരകൾ (Fibre chairs without hand rest) CH-10 | 02 no | |
| 02 | സ്റ്റാൻറ് (OHP / LCD Projector Stand) | 02 no | |
| 03 | ഫൈബർ കസേരകൾ റൈറ്റിങ്ങ് പാഡ് ഉള്ളത് (Fibre Chair with half writing pad) CH 5 A | 41 no | |
| 04 | Desk & Bench ഡസ്കും ബെൻജും DBC | 09 nos | |
| 05 | കറങ്ങുന്ന കമ്പ്യൂട്ടർ കസേരകൾ (Revolving computer chair without caster wheel) CH-5 | 09 no | |
| 06 | കമ്പ്യൂട്ടർ കസേരകൾ (Computer chair without caster wheel) Ch-19 | 18 no | |
| 07 | White screen PSM വെള്ളസ്ക്രീന് | 03 nos | |
| 08 | (Catalogue Cabinet wooden) LF-1 | 02 nos | |
| 09 | കറങ്ങുന്ന കസേരകൾ (Revolving office chair Godrej with caster wheel) CH-13 | 02 no | |
| 10 | ഓഫിസ്കസേരകൾ (Office chair Godrej without armrest) CH-12 | 02 nos | |
| 11 | കസേരകൾ (Lab chair without armrest) CH-3 | 01 no | |
| 12 | ഓഫിസ്കസേരകൾ (Office chair Godrej with armrest) Ch-15 | 01 nos | |
| 13 | കസേരകൾ (Class room Chair) CH-3 A,CH-4, CH-4 A,CH-4 B, | 66 nos | |
| 14 | സ്ക്രാപ്പ് ജനറേറ്റർ ഓയിൽ (Used Generator oil) * without can | 45 ltr | |

- ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുൻപു പാർട്ടി വിവരണങ്ങളുടെ നിജസ്ഥിതി നേരിട്ട് കണ്ട് മനസ്സിലാക്കേണ്ടതാണ്
- 1 കിലോ നിരക്കിനോ അല്ലെങ്കിൽ 1 എണ്ണത്തിനോ ഉള്ള വിലയാണ് പാർട്ടി കോട്ട് ചെയേണ്ടത്
- ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന തൂക്കം ഏകദേശ അളവാണ്. ശരിയായ തൂക്കം ക്വട്ടേഷൻ ഉറപ്പിച്ച ശേഷം വീണ്ടും എടുക്കുന്നതാണ്

എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിനു വേണ്ടി

മെയിൻെറനൻസ് ഇൻ ചാർജ് (സിവിൽ)

കോട്ട് ചെയ്യുന്ന ആളിൻെറ
പേര്, ഒപ്പ്, വിലാസം, ഫോൺനമ്പർ

# ക്വട്ടേഷൻ നിബന്ധനകൾ (ഓക്ഷൻ)

1. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി (EMD) **1000/-** (ആയിരം) രൂപ നീലിറ്റ് കാലിക്കറ്റിന്റെ ഓഫീസ് അക്കൗണ്ടിലേക്ക് **(Account No 10401158037, SBI NITC branch, IFSC *SBIN0002207*)** ട്രാൻസ്ഫർ ചെയ്ത രസീതിയൊ **(Online Deposit Slip / Net Banking / CDM Deposit)** അല്ലെങ്കിൽ ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ് (Director, NIELIT Calicut) എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (S.B.I) എൻ.ഐ.ടി, കാലിക്കറ്റ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫറ്റോ അടക്കം ചെയ്തിരിക്കണം.

2. സീൽ ചെയ്ത ക്വട്ടേഷനുകൾ ഡയരക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി കാലിക്കറ്റ്, എൻ.ഐ.ടി കാലിക്കറ്റ് (പോസ്റ്റ്), 673601. എന്ന വിലാസത്തിൽ നേരിട്ടൊ തപാൽ മാർഗമോ 17-02-2021 ന് ഉച്ചക്ക് 1.00 മണിക്ക് മുൻപായി എൻ.ഐ.ഇ.എൽ.ഐ.ടി കോഴിക്കോട് ഓഫീസിൽ ലഭിച്ചിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതോ, നിരതദ്രവ്യം അടക്കം ചെയ്യാത്തതോ ആയ ക്വട്ടേഷനുകൾ നിരാകരിക്കുന്നതാണ്.

3. സ്വീകരിച്ച ക്വട്ടേഷനുകൾ 17-02-2021 ന് ഉച്ചക്ക് 2.00 മണിക്ക് അപ്പോൾ സന്നിഹിതരായവരുടെ മുൻപിൽ വെച്ച് തുറക്കുന്നതാണ്.

4. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുൻപ് ഫോറത്തിൽ കാണിച്ചിരിക്കുന്ന വിവരണങ്ങളുടെ നിജസ്ഥിതി നേരിട്ട് കണ്ടു മനസ്സിലാക്കേണ്ടതാണ്.

5. ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക/വില കാണിച്ചിരിക്കുന്ന വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതും ഉറപ്പിച്ച ഓർഡർ കിട്ടി 07 ദിവസത്തിനുള്ളിൽ ലേലത്തുക മൊത്തമായും എൻ.ഐ.ഇ.എൽ.ഐ.ടി ഓഫീസിൽ അടക്കേണ്ടതും അടുത്ത 07 ദിവസത്തിനുള്ളിൽ എല്ലാ സാധനങ്ങളും നീക്കം ചെയ്യേണ്ടതും ആണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പണം അടാക്കത്ത പക്ഷം കരാറുകാരന്റെ നിരതദ്രവ്യം എൻ.ഐ.ഇ.എൽ.ഐ.ടി -യിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

6. കാമ്പസിലെ മറ്റു വസ്തുക്കൾക്കോ, സ്വത്തുവകകൾക്കോ യാതൊരു നാശനഷ്ടങ്ങളും സംഭവിക്കാതെ നോക്കേണ്ടതാണ്. അഥവാ അങ്ങനെ വല്ലതും സംഭവിച്ചാൽ അത് കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ നന്നാക്കേണ്ടതുമാണ്.

7. എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റ് ജീവനക്കാരെ യാതൊരു കാരണവശാലും ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

8. മേൽപറഞ്ഞ പ്രകാരം യാതൊരു ബാധ്യതയും കൂടാതെ ലഭിച്ച എല്ലാ സാധനങ്ങളും കാമ്പസിൽ നിന്നും എടുത്തു കൊണ്ടുപോയി കഴിഞ്ഞ ശേഷം മാത്രമേ നിരതദ്രവ്യം മടക്കി ലഭിക്കുകയുള്ളു.

9. ക്വട്ടേഷനിൽ പരാജിതരായ കരാറുകാർക്ക് യാതൊരുവിധ പലിശയും കൂടാതെ നിരതദ്രവ്യം തിരികെ നൽകുന്നതായിരിക്കും.

10. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അവസാന തീരുമാനം എടുക്കുവാനുള്ള അവകാശം എൻ.ഐ.ഇ.എൽ.ഐ.ടി ഡയരക്ടറിൽ നിക്ഷിപ്തമായിരിക്കും. അതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

11. ക്വട്ടേഷൻ നിശ്ചയിച്ച ദിവസം എന്തെങ്കിലും കാരണാവശാൽ ഓഫീസിനു അവധിയാകുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ഉച്ചക്ക് 1.00 മണി വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്.

12. കൂടുതൽ വിവരങ്ങൾക്കും ഫോറത്തിനും പ്രവൃത്തി ദിവസങ്ങള്ളിൽ എൻ.ഐ.ഇ.എൽ.ഐ.ടി ഓഫീസുമായി ബന്ധപ്പെടുക.

13. സർക്കാർ നിയമ പ്രകാരമുള്ള എല്ലാ നികുതികളും അടക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

എൻ.ഐ.ഇ.എൽ.ഐ.ടി കാലിക്കറ്റിനു വേണ്ടി

ക്വോട്ട് ചെയ്യുന്ന ആളിന്റെ പേര്, ഒപ്പ്,

മെയിൻെറനൻസ് ഇൻ ചാർജ് (സിവിൽ)